# ജി.എൽ.പി.എസ്
# ചെറായി



2025-2026

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-2026

## ജി.എൽ.പി.എസ്
## ചെറായി.

# ആമുഖം

എറണാകുളം ജില്ലയിലെ വൈപ്പിൻ സബ്ജില്ലയിൽ ചെറായി ചക്കരക്കടവ് പ്രദേശത്ത് സ്ഥിതിചെയ്യുന്ന തിരുമനാംകുന്ന് ക്ഷേത്രത്തിന്റെ കീഴിൽ ശ്രീ. പണ്ഡിറ്റ് കറുപ്പൻ സ്ഥാപിച്ചതാണ് ഈ വിദ്യാലയം. 1924 ലാണ് വിദ്യാലയം ഗവൺമെന്റ് ഏറ്റെടുക്കുന്നത്. ചെറായി പുഴയുടെ സമീപം സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിൽ ആദ്യകാലത്ത് 2 ഡിവിഷനുകൾ ഉൾപ്പടെ ഏഴാം ക്ലാസ്സ് വരെയുണ്ടായിരുന്നു. പിന്നീട് LP യായി ചുരുങ്ങി. വിവിധ മേഖലകളിൽ പ്രഗത്ഭരായ ധാരാളം വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ ആയിട്ടുണ്ട്. പ്രഗത്ഭരായ ധാരാളം അധ്യാപകർ സേവനമനുഷ്ഠിച്ചിട്ടുള്ള ഈ വിദ്യാലയത്തിൽ ഒന്നുമുതൽ 4 വരെ ഓരോ ഡിവിഷനും നേഴ്സറിയുമാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ള അധ്യാപകരും രക്ഷിതാക്കളും ചേർന്ന് ഈ സ്കൂളിനെ മികവിലേക്ക് ഉയർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : G.L.P.S ചെറായി. |
| മേൽവിലാസം | : ചെറായി P.O, ചക്കരക്കടവ് പിൻ - 683514 |
| സ്കൂൾ കോഡ് | : 26545 |
| വിദ്യാഭ്യാസ ഉപജില്ല | : വൈപ്പിൻ |
| വിദ്യാഭ്യാസ ജില്ല | : എറണാകുളം. |
| ഗ്രാമപഞ്ചായത്ത് | : പള്ളിപ്പുറം. |
| വാർഡ് | : 9 |
| നിയോജകമണ്ഡലം | : വൈപ്പിൻ |
| പാർലമെന്റ് | : എറണാകുളം |
| ബ്ലോക്ക് | : വൈപ്പിൻ |
| താലൂക്ക് | : കൊച്ചി. |
| സ്കൂൾ സ്ഥാപിച്ച വർഷം | : 1923 |
| ഇ-മെയിൽ | : glpscherai@gmail.com |
| BRC | : വൈപ്പിൻ |

റവന്യൂ ജില്ല : എറണാകുളം

വിദ്യാഭ്യാസ ജില്ല : എറണാകുളം

ഉപജില്ല : വൈപ്പിൻ

BRC : വൈപ്പിൻ

പഞ്ചായത്ത് : പള്ളിപ്പുറം

ബ്ലോക്ക് പഞ്ചായത്ത് : വൈപ്പിൻ

പരിശീലനം :

SSA നടപ്പാക്കിയിട്ടുള്ള എല്ലാ അദ്ധ്യാപക പരിശീലനങ്ങളിലും എല്ലാ അദ്ധ്യാപകരും പങ്കെടുത്തിട്ടുണ്ട്.

ഫലപ്രാപ്തി:

കോഴ്സുകളുടെ നിർദേശങ്ങളും പ്രവർത്തനങ്ങളും ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നുണ്ട്.

പഠനനിലവാരം :-

പഠന നിലവാരത്തിൽ മികച്ചു നിൽക്കുന്ന കുട്ടികളാണ് ഈ സ്കൂളിലേത്. ഒന്നാം ക്ലാസ് മുതൽ അസംബ്ലിയിൽ പത്രവാർത്ത വായന എല്ലാ കുട്ടികളും-

അസംബ്ലി നടത്താൻ തുടങ്ങിയ പ്രവർത്തനങ്ങൾ ഉദാഹരണമാണ്.)

**വിശകലനം.**

ഒന്നിടവിട്ട വർഷങ്ങളിൽ കുട്ടികളുടെ എണ്ണം കൂടിയും കുറഞ്ഞും നിൽക്കുന്നു. 2025 - 26 വർഷത്തിൽ 8 കുട്ടികളെ ചേർക്കുവാൻ ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്.

**SMC**

പഠനയാത്ര, പച്ചക്കറിത്തോട്ടം, പൂക്കൃഷി മേളകൾ, മറ്റ് പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയിൽ SMC അംഗങ്ങൾ സജീവമാണ്. പ്രവേശനോത്സവത്തിന് എല്ലാ വർഷവും ചെണ്ടമേളം. പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർ ചെയ്യാറുണ്ട്. സ്കൂളിലെ എല്ലാ പ്രവർത്തനങ്ങൾക്കും SMC യുടെ സപ്പോർട്ട് വളരെ എടുത്തു പറയത്തക്കതാണ്.

**PEC**

PEC യിൽ പങ്കെടുത്ത് റിപ്പോർട്ടുകൾ അവതരിപ്പിക്കാറുണ്ട്.

## BRC

BRC ട്രെയിനേഴ്സ് സ്കൂൾ സന്ദർശിക്കാറുണ്ട്.

## Monitering

AEO, BPO എന്നിവർ സ്കൂൾ സന്ദർശിക്കാറുണ്ട് ആവശ്യമായ നിർദേശങ്ങൾ നൽകാറുണ്ട്.

## ICT

കുട്ടികൾക്ക് മികച്ച രീതിയിൽ കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു. D-Net ലഭ്യമായതോടെ പഠനം മികവുറ്റതാക്കാൻ സാധിക്കുന്നു.

### ഭൗതികം

## ക്ലാസ്മുറി

ഒരു ഹാളും നാല് ക്ലാസ് മുറികളുമാണ് നിലവിലുള്ളത്. ഹാളിന്റെ ഒരു ഭാഗം രണ്ടാം ക്ലാസും ഒരു ഭാഗം നാലാം ക്ലാസും മറ്റൊരു ഭാഗം ഡൈനിംഗ് ഹാൾ ആയും ഉപയോഗിക്കുന്നു. നാല് ക്ലാസ് മുറികളിൽ ഒരെണ്ണത്തിന്റെ ഒരു ഭാഗം ലൈബ്രറിയായി ഉപയോഗിക്കുന്നു. നിലവിലുള്ള ഓഫീസ് റൂമിന്റെ ഒരു ഭാഗം സ്റ്റാഫ് റൂം ആയും ഒരു ഭാഗം കമ്പ്യൂട്ടർ

റൂമായും ഉപയോഗിക്കുന്നു. നിലവിൽ 4 ടോയ്‌ലറ്റുകളും 3 Unit-ന്റെ 1 യൂറിനൽ സൗകര്യവും ഉണ്ട്. Toilet-ൽ ഒന്ന് CWSN കുട്ടികൾക്കുള്ള Adapted Toilet ആണ്.

രണ്ട് ക്ലാസ് മുറികളും ഒരു ഓഫീസ് റൂമും ഉൾപ്പെടുന്ന പുതിയ കെട്ടിടത്തിന്റെ പണി 90% പൂർത്തിയായിട്ടുണ്ട്. 2025-26 അധ്യയന വർഷത്തിൽ ഉദ്ഘാടനം നടത്തി ക്ലാസ് മുറികൾ പ്രവർത്തനയോഗ്യമാകുമെന്ന് കരുതുന്നു.

## Furniture

നിലവിൽ എല്ലാ ക്ലാസിലേയ്ക്കും ആവശ്യമായ ഫർണിച്ചറുകൾ ഉണ്ട്.

## kitchen

അടുക്കളയിൽ ഗ്യാസ് അടുപ്പ് ഉപയോഗിക്കുന്ന- സ്ഥലവും ഉണ്ട്. വളരെ ചെറിയ അടുക്കളയാണ്. സാധനങ്ങൾ സൂക്ഷിക്കാൻ സ്റ്റോർ റൂം, ഷെൽഫ് ഇവ ഇല്ല. അടുക്കളയിൽ പൈപ്പ് കണക്ഷൻ ഉണ്ട്. സീലിംഗ് ഇല്ല.

## ഉച്ചഭക്ഷണം

വിഭവസമൃദ്ധവും പോഷകഗുണവുമുള്ള ഭക്ഷണമാണ് നൽകാറുള്ളത്. തിരുമനാംകുന്ന് ബ്രദേഴ്സ് എന്നറിയപ്പെടുന്ന സംഘടനയിലെ പൂർവ്വവിദ്യാർത്ഥികൾ സ്പോൺസർ ചെയ്ത പ്ലെയിറ്റുകളും പി.ടി.എ സ്പോൺസർ ചെയ്ത ഗ്ലാസുകളും ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുന്നു. കൂടാതെ വല്ലാർപാടം പെട്രോനെറ്റ് എൽ.എൻ.ജി ഈ വർഷം കുട്ടികൾക്കാവശ്യമായ സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും നൽകി. DYFI തിരുമനാംകുന്ന് യൂണിറ്റ് ഒരു ഫ്രിഡ്ജ് സംഭാവനയായി നൽകുകയുമുണ്ടായി. ഹാളിന്റെ ഒരു ഭാഗം ഡൈനിംഗ് ഹാളാക്കി അതിൽ ബെഞ്ചുകളും കസേരകളും ഇട്ടാണ് കുട്ടികൾക്ക് ഭക്ഷണം നൽകുന്നത്. പച്ചക്കറിത്തോട്ടത്തിൽ നിന്നുള്ള പച്ചക്കറികൾ ഉപയോഗിക്കാറുണ്ട്.

## Lab- Library

Lab- equpments, ലൈബ്രറി പുസ്തകങ്ങൾ എന്നിവ ഉണ്ട്. നിലവിലുള്ള ഒരു ക്ലാസ്റൂമിന്റെ

ഷെൽഫിലാണ് ഇവ സൂക്ഷിച്ചിട്ടുള്ളത്.

## പഠനോപകരണങ്ങൾ

ആവശ്യമായ എല്ലാ പഠനോപകരണങ്ങളും ഉണ്ട്.

## കളിസ്ഥലം

ഗ്രൗണ്ട് ഉണ്ട്. വളരെ വേഗത്തിൽ കാടുപിടിക്കുന്നതിനാൽ നന്നാക്കാനുള്ള സംവിധാനം ഇല്ല. കുറച്ചുഭാഗം പച്ചക്കറിത്തോട്ടം, പൂന്തോട്ടം എന്നിവയ്ക്കായി ഉപയോഗിക്കുന്നു. വേഗത്തിൽ കാടുപിടിക്കുന്നത് സ്കൂളിനെ ദോഷകരമായി ബാധിക്കുന്നുണ്ട്.

## കളി ഉപകരണങ്ങൾ

Carrom board, Cricket bat, Ring, Puzzles, Skipping Roap, Jigzo തുടങ്ങിയ എല്ലാ കളിഉപകരണങ്ങളും ഉണ്ട്.

## വാഹനം

നിലവിൽ അധ്യാപകർ പിരിവിട്ട് ഓട്ടോയിലാണ് കുട്ടികളെ എത്തിക്കുന്നത്. വാഹനമോ, വാഹന സൗകര്യമോ ഇല്ല.

പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർ ചെയ്ത സ്റ്റേജും ചെറിയ ഗാർഡനും നിലവിലുണ്ട്. പാർക്ക്, ഡൈനിംഗ് ഹാൾ, സ്മാർട്ട് ക്ലാസ്സ് റൂം, വാഹനം, സ്റ്റോർ റൂം, ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ റൂം, ഓഡിറ്റോറിയം എന്നീ സൗകര്യങ്ങൾ ഇല്ല.

## തനത് പ്രവർത്തനങ്ങൾ

അക്കാദമിക നിലവാരം മെച്ചപ്പെടുത്താനായി ഓരോ അധ്യാപകരും ഓരോ തനത് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. വായന മെച്ചപ്പെടുത്തുന്നതിനായും അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനുമായുള്ള പ്രവർത്തനങ്ങളും എല്ലാ ദിവസവും ഉച്ചയ്ക്ക് ഒന്നര മുതൽ രണ്ട് വരെയുള്ള സമയത്ത് പത്രവായനയും നടത്തുന്നുണ്ട്. English ഭാഷയുമായി ബന്ധപ്പെട്ട് spelling vocabulary, Pronunciation, Rhymes, English news reading ഇവ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ നൽകുന്നുണ്ട്.

ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനായി അബാകസ്, സംഖ്യാ കാർഡുകൾ, ഗണിത പുസ്തകങ്ങൾ, കുസൃതികണക്കുകൾ എന്നിവ ഉൾപ്പെടുത്തിയുള്ള

പ്രവർത്തനങ്ങളും കൂടുതലായി നൽകുന്നുണ്ട്.

പ്രീപ്രൈമറി, മദർ പി.ടി.എ എന്നിവരുടെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടവും നല്ലരീതിയിൽ പോകുന്നുണ്ട്.

സാമൂഹികം

ടേമിൽ ഒരെണ്ണം കൂടാറുണ്ട്. റിപ്പോർട്ടുകൾ അവതരിപ്പിക്കാറുണ്ട്. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, വാർഡ് മെമ്പർ എന്നിവർ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ സപ്പോർട്ട് ചെയ്യാറുണ്ട്.

SMC, SSG

പ്രവേശനോത്സവം, ദിനാചരണങ്ങൾ, മേളകൾ, കലോത്സവം, സ്കൂൾവാർഷികം, ശുചീകരണം എന്നിവയിൽ സജീവ പങ്കാളിത്തം ഉണ്ട്. അക്കാദമികമായ കാര്യങ്ങൾ, ഉച്ചഭക്ഷണം എന്നിവയിലും സജീവമായി സഹകരിക്കുന്നുണ്ട്

സാമൂഹികാന്തരീക്ഷം.

പുഴയോരത്തായി പ്രകൃതി സുന്ദരമായ സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഇവിടത്തെ കുട്ടികളുടെ രക്ഷിതാക്കളിൽ കൂടുതൽപേരും മത്സ്യത്തൊഴിലാളികളാണ്. മെയിൻറോഡിൽ നിന്നും ഉള്ളിലേക്ക് കയറിയാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഒരു കിലോമീറ്ററിനുള്ളിൽ 2 അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ട്. അത് ഈ സ്കൂളിൽ കുട്ടികൾ കുറയാൻ കാരണമായിട്ടുണ്ട്.

ഇപ്പോൾ പ്രീപ്രൈമറി മുതൽ 4-ാം ക്ലാസ്സ് വരെ 54 കുട്ടികളാണുള്ളത്. ഹെഡ്മിസ്ട്രസ് ഉൾപ്പെടെ 4 അധ്യാപകരും പ്രീപ്രൈമറി ടീച്ചറും ആയയും പാർട്ട്ടൈം മിനിയലും പാചകത്തൊഴിലാളിയും ജോലി ചെയ്തു വരുന്നു.

2025 - 2026

## നടപ്പുവർഷത്തിൽ മുൻഗണന നൽകുന്ന പ്രവർത്തനങ്ങൾ

| No | പ്രവർത്തനം. | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം. |
|---|---|---|---|---|---|
| 1 | സ്കൂൾമുറ്റം ആകർഷകമാക്കൽ | ആകർഷകമാക്കൽ | | പഞ്ചായത്ത് PTA | പഞ്ചായത്ത് |
| 2. | നടപ്പാത ടൈൽ | ആകർഷകം | | പഞ്ചായത്ത് | പഞ്ചായത്ത് |
| 3 | ICT പഠനോപകരണങ്ങൾ | ICT പഠനം | | പഞ്ചായത്ത് | പഞ്ചായത്ത് SSA |
| 4 | സ്റ്റോർ മുറി | ഭക്ഷണസാധനങ്ങൾ സൂക്ഷിക്കൽ | | വിദ്യാഭ്യാസ വകുപ്പ് | വിദ്യാഭ്യാസ വകുപ്പ് |
| 5 | വർണ്ണക്കൂടാരം | പ്രീ-പ്രൈമറി ശാക്തീകരണം | | SSA | SSA |
| 6 | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വ്യക്തികളെ സന്ദർശിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ | കൂടുതൽ അറിയുന്നതിന്. | | SSG | SSG, PTA |
| 7 | പുതുകൃഷി | കൃഷിയിൽ താൽപര്യം | | കൃഷിഭവൻ അധ്യാപകർ വിദ്യാർത്ഥികൾ | പഞ്ചായത്ത് |
| 8 | പച്ചക്കറിത്തോട്ടം | കൃഷിയിൽ താൽപര്യം വിഷരഹിത പച്ചക്കറി. | | പഞ്ചായത്ത് PTA | പഞ്ചായത്ത് |
| 9. | ലൈബ്രറി നവീകരണം | വായനാശീലം | | SSA | SSA |
| 10 | സ്മാർട്ട് ക്ലാസ്മുറി | മികച്ച പഠന സൗകര്യം | | പഞ്ചായത്ത് SSA | പഞ്ചായത്ത് SSA |

പ്രവർത്തനത്തിന്റെ പേര് : പച്ചക്കറിത്തോട്ടം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| -കാർഷിക സംസ്കാരം വീണ്ടെടുക്കൽ. | - വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് പച്ചക്കറിത്തോട്ടം ഒരുക്കൽ. | വർഷം മുഴുവനും | SRG SSG | കൃഷിവകുപ്പ് |
| | - പൂകൃഷി - ഓണത്തിന് ഒരു വട്ടി പൂ | 3 മാസം | SRG | |
| | പിറന്നാൾ മരം | വർഷം മുഴുവനും | SRG | |

പ്രവർത്തനത്തിന്റെ പേര് - മധുരം മലയാളം

ഉപമേഖല : മലയാള ഭാഷ പഠനം (അക്കാദമികം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി എഴുതാനും വായിക്കാനുമുള്ള | * ലൈബ്രറി ബുക്ക് വിതരണം. * പിറന്നാളിന് ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകം | വർഷം മുഴുവനും | SRG | SSG |

| | | | | |
|---|---|---|---|---|
| ശേഷി വികസനം | * വായനക്കുറിപ്പ്<br>* ചിത്രവായന<br>* അമ്മ വായന | | | |

പ്രവർത്തനത്തിന്റെ പേര് : Hi...English

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം (അക്കാദമികം)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷാ പ്രാവീണ്യം വർധിപ്പിക്കുക. | * പാഠഭാഗത്തോടൊപ്പം ഇംഗ്ലീഷ് പ്രവർത്തനങ്ങൾ,<br>* ഹലോ ഇംഗ്ലീഷ്<br>* ലൈബ്രറി വായന | വർഷം മുഴുവനും | എല്ലാ അധ്യാപകരും | |

പ്രവർത്തനത്തിന്റെ പേര് : ആരോഗ്യ സംരക്ഷണം.

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക | * ദന്ത സംരക്ഷണം<br>* യോഗ<br>* സമീകൃതാഹാരം<br>* ശരീര വൃത്തി | വർഷം മുഴുവനും | എല്ലാ അധ്യാപകരും | PTA |

പ്രവർത്തനത്തിന്റെ പേര് :- അമ്മ മരം

ഉപമേഖല : പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അറിയാൻ | * നമുക്കൊരു തൈ നടാം<br>* പരിസ്ഥിതി ഡയറി | 3 മാസം<br>വർഷം മുഴുവനം | SRG<br>SSG | |

## മുൻവർഷങ്ങളിലെ കുട്ടികളുടെ എണ്ണം.

| വർഷം | പ്രീപ്രൈമറി | | I | | II | | III | | IV | | Total |
|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | |
| 2018-19 | 8 | 9 | 3 | 2 | 5 | 7 | 3 | 2 | 5 | 7 | 51 |
| 2019-20 | | | 1 | 2 | 3 | 2 | 4 | 8 | 3 | 2 | |
| 2020-21 | | | 7 | 6 | 1 | 2 | 3 | 2 | 4 | 8 | |
| 2021-22 | 13 | 12 | 7 | 10 | 6 | 7 | 2 | 3 | 3 | 2 | 65 |
| 2022-23 | | | 2 | 5 | 5 | 10 | 7 | 5 | 2 | 2 | |
| 2023-24 | | | | | | | | | | | |
| 2024-25 | 11 | 6 | 6 | 9 | 7 | 3 | 0 | 4 | 4 | 10 | 60 |

ഇനി നടപ്പിലാക്കേണ്ടവ

- സ്കൂളും പരിസരവും ആകർഷകമാക്കൽ
- പണിതീരാത്ത കെട്ടിടം പണിപൂർത്തിയാക്കൽ
- 1 മുതൽ 4 വരെ പുതിയ ക്ലാസ്സ്മുറി.
- സ്മാർട്ട് ക്ലാസ്സ് റൂം.
- മുറ്റം ടൈൽ വിരിക്കൽ
- പുതിയ അടുക്കള, സ്റ്റോർ മുറി.
- കൂടുതൽ കളിയുപകരണങ്ങൾ
- ഡൈനിംഗ് ഹാൾ
- വർണ്ണകൂടാരം

2027 വർഷത്തോടു കൂടി ഭൗതികവും അക്കാദമികവുമായ മികവിലേക്ക് ഉയർത്തുകയെന്നതാണ് PTA യുടെയും അദ്ധ്യാപകരുടെയും ലക്ഷ്യം. മികച്ച ഭൗതിക സാഹചര്യങ്ങളുള്ള വിദ്യാലയം എന്ന സ്വപ്നം യാഥാർത്ഥ്യമാവുമെന്ന് പ്രത്യാശിക്കുന്നു.